(ഇ) ശ്രീ. ജയകുമാറിന്റെ 5-3-2003-ലെ അപേക്ഷയുടെ അടിസ്ഥാനത്തിലാണോ 23-5-2003-ൽ തഹസിൽദാർ 2350/03/ജി3 നമ്പർ നോട്ടീസ് ശ്രീ. ജയകുമാറിന് നൽകിയിട്ടുള്ളത് ;

(എഫ്) ഈ നോട്ടീസിന്റെ അടിസ്ഥാനത്തിൽ വസ്തു അളന്നു തിരിച്ച് പോക്കുവരവ് നടത്തുന്നതിന് ശ്രീ. ജയകുമാർ പണം അടച്ചിരുന്നുവോ ;

(ജി) ഇക്കാര്യത്തിനായി അരുവിക്കര വില്ലേജാഫീസിലേയ്ക്ക് ഏതെങ്കിലും ഉത്തരവ് അയയ്ക്കുകയോ ആയതിന്റെ മറുപടി നെടുമങ്ങാട് തഹസിൽദാർക്ക് ലഭിക്കുകയോ ചെയ്തിട്ടുണ്ടോ ;

(എച്ച്) കോടതിവിധി പ്രകാരം സമയപരിധിക്കുള്ളിൽ ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു വരുന്നു.

അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി. ആർ. ഒ. യുടെ റാങ്ക് ഉയർത്തുന്നതിന് നടപടി

30 (4309) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതലകൾ എന്തെല്ലാം ;

(ബി) ഈ ചുമതലകൾ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പദവി എന്തെന്ന് പറയാമോ :

(സി) അഡ്വക്കേറ്റ് ജനറൽ ഓഫീസർ ഔദ്യോഗിക കാര്യങ്ങൾക്കായി വരുന്ന ഉന്നത ഉദ്യോഗസ്ഥന്മാരെ സ്വീകരിക്കുന്നതിനും അവരുടെ പദവി അനുസരിച്ച് അവർക്കുവേണ്ട നിർദ്ദേശങ്ങളും സൗകര്യങ്ങളും നൽകുന്നതിനുമായി പി. ആർ. ഒ.-യുടെ പദവി സമുചിതമായി ഉയർത്തണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് പി.ആർ.ഒ.-യുടെ പദവി ഉയർത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി.ആർ.ഒ.യുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. ലാ ഓഫിസർമാരുടെ ഔദ്യോഗിക യാത്രകൾക്കും താമസ സൗകര്യങ്ങൾക്കും വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

2. ഔദ്യോഗിക കാര്യങ്ങൾക്കായി വരുന്ന ഉന്നത ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവരെ സ്വീകരിച്ച് രേഖകൾ പരിശോധിച്ച് സന്ദർശന പാസ്സ് നൽകുകയും, അവരെ ബന്ധപ്പെട്ട സെക്ഷനുകളിലേക്കും ലാ ഓഫിസർമാരുടെ അടുത്തേക്കും അയയ്ക്കുകയും മറ്റു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

3. ഓഫിസ് വാഹനങ്ങളുടെ ഉപയോഗം ക്രമീകരിക്കുക, അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട മറ്റ് ജോലികൾ ചെയ്യുക.

4. പ്രസ്സ് കോൺഫറൻസുകൾ സംഘടിപ്പിക്കുക, പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുക തുടങ്ങിയ പത്രമാദ്ധ്യമങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുക.

5. ഓഫിസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള സിവിൽ ജോലികൾ ചെയ്യിക്കുക, ഇതിനുവേണ്ടി പി. ഡബ്ല്യു. ഡി., വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ബി.എസ്.എൻ.എൽ. തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക.

6. ലോക്കൽ പർച്ചേഴ്സ് ഒഴികെ മറ്റ് ഓഫീസ് ഉപകരണങ്ങളുടെ വാങ്ങലും അതുമായി ബന്ധപ്പെട്ട ജോലികളും.

7. ജനറേറ്റർ, ഫാക്സ്, ഫോട്ടോ കോപ്പിയർ, വാട്ടർ കൂളർ, കമ്പ്യൂട്ടർ, യു.പി.എസ്. വാക്വം ക്ലീനർ, എയർകണ്ടീഷണർ തുടങ്ങിയവയുടെ വാർഷിക പരിപാലനക്കരാറുമായി ബന്ധപ്പെട്ട ജോലികൾ.

8. ഡഫേദാർ, ക്ലാസ്ഫോർ ജീവനക്കാർ, കണ്ടിജന്റ് ജീവനക്കാർ, ടെലിഫോൺ അറ്റൻഡന്റ്, നൈറ്റ് വാച്ച്മാൻ, ഡ്രൈവർമാർ തുടങ്ങിയവരുടെ ഹാജർ/ലീവ് സൂക്ഷിക്കുക, മേൽനോട്ടം വഹിക്കുക തുടങ്ങിയ ജോലികൾ.

9. ഹൈക്കോടതിയിൽ കേസ് ലിസ്റ്റുമായി ബന്ധപ്പെട്ട വാഹനങ്ങൾ, ഡ്രൈവർമാർ, ശിപായിമാർ എന്നിവരെ ഏർപ്പാടാക്കുക.

10. മറ്റ് പലവക ജോലികൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഈ പദവി വഹിക്കുന്നത് സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്.

(സി) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ പി.ആർ.ഒ.-യുടെ പദവി സമുചിതമായി ഉയർത്തണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ട്.

(ഡി) ധനകാര്യ വകുപ്പുമായി പ്രസ്തുത ആവശ്യം പരിശോധിക്കുകയും പരിശോധനയുടെ വെളിച്ചത്തിൽ പദവി ഉയർത്തേണ്ടതില്ല എന്ന് തീരുമാനിച്ചു.

(ഇ) ഡി-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

അഡ്വക്കേറ്റ് ജനറൽ ഓഫീസിലുള്ള ലൈബ്രേറിയന്റെ ഗ്രേഡ് ലാ സെക്രട്ടേറിയറ്റ് ലൈബ്രേറിയന്റെ ഗ്രേഡിനു തുല്യമാക്കാൻ നടപടി

31 (4310) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലൈബ്രേറിയിൽ നിലവിൽ എത്ര നിയമ പുസ്തകങ്ങളും പീരിയോഡിക്കലുകളുമുണ്ട് ;

(ബി) പ്രതിവർഷം പുസ്തങ്ങൾക്കും പീരിയോഡിക്കലുകൾക്കും വേണ്ടി എത്ര രൂപ ചെലവ് വരുന്നുണ്ട് എന്ന് പറയാമോ ;

(സി) ഈ ഓഫീസിലെ ലൈബ്രേറിയൻ ഏതു ഗ്രേഡിൽപ്പെടുന്ന ഉദ്യോഗസ്ഥനാണ് ;

(ഡി) ലാ സെക്രട്ടേറിയറ്റ് ലൈബ്രേറിയന്റെ ഗ്രേഡ് എന്താണ് ;

(ഇ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലുള്ള ലൈബ്രേറിന്റെ ഗ്രേഡ് ലാ സെക്രട്ടേറിയറ്റ് ലൈബ്രേറിയന്റെ ഗ്രേഡിന് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലൈബ്രേറിയിൽ നിലവിൽ 35809 നിയമപുസ്തകങ്ങളും പീരിയോഡിക്കലുകളും ഉണ്ട്.

(ബി) പുസ്തകങ്ങൾക്ക് പീരിയോഡിക്കലുകൾക്കും വേണ്ടി 2002-ൽ 6,55,351 രൂപ ചെലവായിട്ടുണ്ട്.

(സി) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലൈബ്രേറിയൻ എൽ.എൽ.ബി. ബിരുദമുള്ള സെക്ഷൻ ഓഫീസർ ഗ്രേഡിലുള്ള ഉദ്യോഗസ്ഥനാണ്.

(ഡി) ലാ സെക്രട്ടേറിയറ്റ് ലൈബ്രേറിയൻ എൽ.എൽ.ബി. ബിരുദമുള്ള സെക്ഷൻ ഓഫീസർ ഡ്രിലുള്ള ഉദ്യോഗസ്ഥനാണ്.

(ഇ) ഇപ്പോൾ തുല്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly